**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകൾക്ക് പൊതുവിൽ സാമ്പത്തിക വിശ്വാസ്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് പറയപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് പൊതുവിൽ സാമ്പത്തിക വിശ്വാസ്യത നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സഹകരണ സ്ഥാപനങ്ങളും സഹകാരികളും മുൻപത്തെക്കാൾ ഏറെ യോജിച്ച നിലയിൽ പ്രവർത്തിച്ച് വരുന്നതായാണ് കാണുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് നിലവിൽ നടന്നു വരുന്ന സഹകരണ നിക്ഷേപ സമാഹരണ യജ്ഞം. പ്രസ്തുത സഹകരണ നിക്ഷേപ സമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് സഹകാരികളും, പൊതു ജനങ്ങളും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുമായി നല്ല രീതിയിൽ സഹകരിക്കുന്നുണ്ട്. |
| (ബി) | കരുവന്നൂർ, കണ്ടല സഹകരണ ബാങ്കുകൾക്ക് സമാനമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ള എത്ര ബാങ്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഈ വകയിൽ എത്ര കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | കരുവന്നൂർ, കണ്ടല സഹകരണ ബാങ്കുകൾക്ക് സമാനമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ള ബാങ്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എന്നാൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങളിലെ ജീവനക്കാരുടെയും, ഭരണസമിതി കളുടെയും ഭാഗത്തുനിന്നുള്ള വീഴ്ചകൾ മൂലം 8 കോടി രൂപയിലധികം സാമ്പത്തിക ക്രമക്കേടുകൾ നടന്ന 13 ഓളം സഹകരണ ബാങ്കുകൾ/സംഘങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് (125.83 കോടി രൂപ), കണ്ടല സർവ്വീസ് സഹകരണ ബാങ്ക് (57.24 കോടി രൂപ), ബി.എസ്.എൻ.എൽ എൻജിനീയേഴ്സ് സഹകരണ സംഘം (260.18 കോടി രൂപ) ഉൾപ്പെടെ 13 സഹകരണ ബാങ്കുകൾ/സംഘങ്ങളിലായി ആകെ 901.85 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (സി) | പ്രസ്തുത ക്രമക്കേടുകൾ നടത്തിയിട്ടുള്ള ബാങ്കുകളുടെ ബോർഡ് ഭാരവാഹികളിൽ നിന്ന് നിക്ഷേപകരുടെ നഷ്ടപ്പെട്ട തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം 125,83,86,411/-രൂപ ബാധ്യത തിട്ടപ്പെടുത്തി സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് എതിരായി ബന്ധപ്പെട്ട കക്ഷികൾ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ നിരസിച്ച് 29/01/2023-ൽ ഉത്തവായിട്ടുള്ളതുമാണ്.<br><br>കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ 57.24 കോടി രൂപയുടെ ആസ്തി മൂല്യ ശോഷണം ഉണ്ടായിട്ടുള്ളതായി കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം 68(2) പ്രകാരമുള്ള സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 984 ൽ സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് നടപടികളും റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചു. റവന്യൂ റിക്കവറി നടപടികളിൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ട്. സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പള്ളിച്ചൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. റ്റി.677 ൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള നോട്ടീസ് നൽകി. എന്നാൽ തുടർനടപടികൾ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കോസ്മോപോളിറ്റൻ ഹോസ്പിറ്റൽ എംപ്ലോയിസ് സഹകരണ സംഘം ക്ലിപ്തം നമ്പർ.1341-ൽ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ബി.എസ്.എൻ.എൽ എൻജിനീയേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.950 ൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ചു. വകുപ്പ് 68(1) അന്വേഷണം നടന്നുവരുന്നു.<br><br>കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ. റ്റി.777 ൽ സഹകരണ നിയമം വകുപ്പ് |

68(2) പ്രകാരം സർചാർജ്ജ് നടപടികളും റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചു. റവന്യൂ റിക്കവറി നടപടികളിൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ട്. സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ മൈലപ്ര സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടിന് ഉത്തരവാദികളായ ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്ക് എതിരെ നഷ്ടോത്തരവാദിത്വം തിട്ടപ്പെടുത്തുന്നതിനായി സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണത്തിന് ഉത്തരവ് നല്കിയിട്ടുണ്ട്. അതോടൊപ്പം ക്രമക്കേടിന് ഉത്തരവാദികൾ ആയവർക്കെതിരെ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്.

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം (ബാധ്യത–16.21 കോടി രൂപ), മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ക്ലിപ്തം (ബാധ്യത–38.73 കോടി രൂപ) എന്നിവയിലെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്ക് എതിരായി സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ അർബൻ സഹകരണ സംഘത്തിലെ (ബാധ്യത–33.34 കോടി രൂപ), ക്രമക്കേടുകളിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. തുടർ നടപടികളിൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ട്.

എറണാകുളം ജില്ലയിലെ അങ്കമാലി അർബൻ സഹകരണ സംഘത്തിലെ (ബാധ്യത–54 കോടി രൂപ) ക്രമക്കേടുകളിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നു.

വയനാട് ജില്ലയിലെ പുൽപ്പള്ളി സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഭരണസമിതി അംഗങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നുമായി ബാധ്യത തിട്ടപ്പെടുത്തിയ 8.5 കോടി രൂപ ഈടാക്കുന്നതിനായി സഹകരണ നിയമം വകുപ്പ് 68 (2) പ്രകാരം സർചാർജ് ഉത്തരവ് പുറപ്പെടുവിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ഡി) | കരുവന്നൂർ, കണ്ടല ബാങ്കുകളിലെ നിക്ഷേപകരെ സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; നിക്ഷേപം പിൻവലിക്കാൻ ആവശ്യമുന്നയിച്ച നിക്ഷേപകരുടെ എത്ര തുക ഈ ബാങ്കുകൾ ഇനി തിരികെ നൽകാനുണ്ട്; നിക്ഷേപം മടക്കി നൽകാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഡി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന് പുനരുദ്ധാരണ പാക്കേജ് പ്രകാരം തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങളിൽ നിന്നും ഒന്നാം ഘട്ടമായി 10.60 കോടി രൂപയും, രണ്ടാം ഘട്ടമായി 13.86 കോടി രൂപയും ഉൾപ്പെടെ ആകെ 24.46 കോടി രൂപ 31.01.2024 വരെ നിക്ഷേപമായി സ്വരൂപിക്കുകയുണ്ടായി. പുതിയ സ്വർണപ്പണയ വായ്പകൾ നൽകുന്നതിനായി സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും രണ്ട് ഘട്ടമായി 10 കോടി രൂപ അനുവദിക്കുകയുണ്ടായി.<br><br>കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിച്ചിരുന്ന റിസർവ് ഫണ്ട് 2 കോടി രൂപ പിൻവലിക്കുവാൻ അനുമതി നൽകി. ടി ബാങ്കിലെ കുടിശ്ശിക വായ്പകൾ ഈടാക്കുന്നതിനായി 2 സെയിൽ ഓഫീസർമാരെ അധികമായി നിയോഗിക്കുകയും, ഇവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു അസിസ്റ്റന്റ് രജിസ്ട്രാർക്ക് പ്രത്യേക ചുമതല നൽകുകയും ചെയ്തിരുന്നു. 31.01.2024 വരെ വായ്പ ഇനത്തിൽ 90.57 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.<br><br>കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന് വേണ്ടി മാത്രമായി പ്രത്യേക ഒറ്റത്തവണ കുടിശിക തീർപ്പാക്കൽ പദ്ധതിക്ക് 31.03.2024 വരെ അനുമതി നൽകിയിട്ടുണ്ട്. വായ്പ ഇനത്തിൽ ടി ബാങ്കിന് 386.27 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ടി ബാങ്കിലെ നിക്ഷേപകർക്ക് 31.01.2024 വരെ 108.59 കോടി രൂപയുടെ നിക്ഷേപം തിരികെ നൽകുകയും, 274.94 കോടി രൂപ തിരികെ നൽകുവാൻ ബാക്കിനിൽപ്പുള്ളതുമാണ് .<br><br>കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ ഏകദേശം 57.24 കോടി രൂപയുടെ ആസ്തി മൂല്യ ശോഷണം ഉണ്ടായിട്ടുള്ളതായി കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ ഭരണസമിതി രാജിവച്ചതിനെ തുടർന്ന് 01/09/2023 മുതൽ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും വായ്പാ തിരിച്ചടവിലൂടെ സംഘത്തിന് ലഭിക്കുന്ന തുകകൾ ടി കമ്മിറ്റി അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം സുതാര്യമായി നിക്ഷേപകർക്ക് നൽകിവരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ മാനദണ്ഡങ്ങൾ പാലിച്ചാണ് ലിസ്റ്റ് തയ്യാറാക്കി തുക നൽകി വരുന്നത്. സംഘത്തിന്റെ നിക്ഷേപ വായ്പാ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും നിക്ഷേപകർക്ക് നിശ്ചിത ശതമാനം തുക തിരികെ നൽകുന്നതിനുമായി പുനരുദ്ധാരണ പദ്ധതി (കരട്) തയ്യാറാക്കിയിട്ടുണ്ട്. 31/01/2024 ലെ കണക്കുകൾ പ്രകാരം സംഘത്തിലെ നിക്ഷേപകർക്ക് 163.66 കോടി രൂപ തിരികെ നൽകാനുണ്ട്. |
| (ഇ) | സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ നിന്നും എത്ര തുക നിക്ഷേപകരെ സഹായിക്കുവാൻ നൽകിയിട്ടുണ്ട്; നിലവിൽ നിക്ഷേപകന് നൽകാവുന്ന തുക വർധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഇ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും സഹകരണ റിസ്ക് ഫണ്ട് പദ്ധതി മുഖേന നിക്ഷേപകരെ സഹായിക്കുന്നതിനുള്ള വ്യവസ്ഥ ഇല്ല.<br><br>എന്നാൽ സർക്കാരിന്റെ 06.07.2023 ലെ സ.ഉ(അച്ചടി) നം.161/2023/സഹ നമ്പർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പദ്ധതി അനുസരിച്ച് ലിക്വഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിം ആയി നൽകുന്ന തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാണ്. |
| (എഫ്) | സഹകരണ ബാങ്കിംഗ് മേഖലയുടെ സംരക്ഷണത്തിനും ഭാവിയിൽ സാമ്പത്തിക തട്ടിപ്പുകൾ തടയാനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നു വരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്രമായ നിയമ ഭേദഗതി നിയമസഭ പാസ്സാക്കിയിട്ടുണ്ട്.<br><br>സഹകരണ ബാങ്കിംഗ് മേഖലയുടെ സംരക്ഷണത്തിനും ഭാവിയിലെ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനുമായി ജനറൽ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതലത്തിലും, താലൂക്ക് തലത്തിലും ടീം ഇൻസ്പെക്ഷൻ നടപ്പിലാക്കി വരുന്നു.<br><br>സഹകരണ നിയമ പ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും, ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം |

നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ആഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം രൂപീകൃതമായിട്ടുള്ള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ നിയമാനുസരണമായ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

സഹകരണ ബാങ്കിംഗ് മേഖലയുടെ സംരക്ഷണത്തിനും ഭാവിയിൽ സാമ്പത്തിക തട്ടിപ്പുകൾ തടയാനും അടിയന്തിര നടപടി സ്വീകരിച്ചതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ബഹു. കേരള മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചത് അനുസരിച്ച് സംസ്ഥാനമൊട്ടാകെ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പത്തനംതിട്ട , തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് പദ്ധതിയായി ടീം ഓഡിറ്റ് ആരംഭിക്കുകയും തുടർന്ന് കോട്ടയം ജില്ലയിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ